I/86357/2024

**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ഹെഡ് അക്കൌണ്ടൻറ് / ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് / ടെക്നിക്കൽ സ്റ്റോർ കീപ്പർ തസ്തികയിലേക്ക് ഉദ്യോഗകയറ്റം - അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഡി) വിഭാഗം

നം:ഇഡി1/1974/2024/ഡിടിഇ തിരുവനന്തപുരം 04-05-2024

---

*വായന:*- 15.01.2021 ലെ ഈ കാര്യാലയത്തിലെ ഇജി3/27365/20/ഡിടിഇ നമ്പർ സർക്കുലർ

**ഉത്തരവ്**

ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നുള്ള വിരമിക്കൽ മൂലം 01.05.2024 ൽ ടി തസ്തികയിൽ ഒരൊഴിവ് വകുപ്പിൽ ഉണ്ടായിട്ടുണ്ട്.

ജൂനിയർ സൂപ്രണ്ട് / ടെക്നിക്കൽ സ്റ്റോർ കീപ്പർ തസ്തികയുടെ പ്രസ്തുത ഒഴിവിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹരായ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ഹെഡ് ക്ലാർക്ക് / ഹെഡ് അക്കൗണ്ടൻറ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പരാമർശം പ്രകാരം പുറപ്പെടുവിച്ചിരുന്നു.

അതിനാൽ, പരാമർശം അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ഹെഡ് ക്ലാർക്ക് തസ്തികയിലെ ജീവനക്കാരന്, 1958 ലെ ഭാഗം - II കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28(b) (ii) - ലെ വ്യവസ്ഥകൾക്ക് വിധേയമായി ₹ 43400 - 91200 വേതന നിരക്കിൽ ജൂനിയർ സൂപ്രണ്ട് / ടെക്നിക്കൽ സ്റ്റോർ കീപ്പർ തസ്തികയിലേക്ക്, 2024 വർഷത്തെ "സ്പാർക്ക്" പൊതു സ്ഥലംമാറ്റത്തിന് വിധേയമായി, സ്ഥിരാടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം അനുവദിച്ച് ചുവടെ പട്ടിക പ്രകാരം ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**₹ 43400 - 91200 ശമ്പള നിരക്കിൽ ജൂനിയർ സൂപ്രണ്ട്/ ടെക്നിക്കൽ സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം**

| വായന സീനി. പട്ടികയിലെ സ്ഥാനം | പേര്, തസ്തിക, നിലവിലെ സ്ഥാപനം,പെൻ | സ്ഥാനക്കയറ്റം അനുവദിച്ച് നിയമിക്കുന്ന തസ്തികയും, സ്ഥാപനവും |
|---|---|---|
| 72 | ശ്രീ. മധു പാലമാറ്റം<br>ഹെഡ് ക്ലാർക്ക്<br>സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, ഇലഞ്ഞി, എറണാകുളം<br>പെൻ - 394716 | ജൂനിയർ സൂപ്രണ്ട്<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പൈനാവ്, ഇടുക്കി<br>(ശ്രീമതി.ലിസ്സി.കെ.കെ വിരമിച്ച ഒഴിവ്) |

I/86357/2024

ടി ജീവനക്കാരൻ, ടി സ്ഥാനക്കയറ്റ തസ്തികയിൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിലെ ഒരു വർഷം നിരീക്ഷണ കാലയളവായി പൂർത്തിയാക്കേണ്ടതാണ്.

പട്ടികയിലുൾപ്പെട്ട ജീവനക്കാരനെ സ്ഥാപന മേധാവികൾ യഥാസമയം വിട്ടുതൽ ചെയ്ത് അവരുടെ വിടുതൽ / ചേരുംകാലം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Sunil Kumar C V

SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1.ബന്ധപ്പെട്ട ആഫീസ് മേധാവികൾക്ക് (ഡിടിഇ വെബ് സൈറ്റ് വഴി)

2.ബന്ധപ്പെട്ട ജീവനക്കാരന് (ആഫീസ് മേധാവി മുഖാന്തിരം)

3.ഐ.റ്റി ഡിവിഷൻ, ഡിറ്റിഇ (വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4. സൂപ്രണ്ട്,ജീവനക്കാര്യം (ജി) വിഭാഗം, ഡിടിഇ

5. ഇ - ഓഫീസ് കരുതൽ സഞ്ചയം

പകർപ്പ്

1. സി.എ ഡയറക്ടർ

2.സി.എ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ

Signed by
Sunil Kumar C V
Date: 04-05-2024 11:42:43